# അധികാരത്തോടുള്ള വിധേയത്വം

സാക് പുന്നൻ

WFTW 18 സെപ്റ്റംബർ 2016

1 പത്രൊസിൽ, അപ്പോസ്തലനായ പത്രൊസ് വിധേയത്വത്തെക്കുറിച്ച് വളരെയധികം സംസാരിക്കുന്നുണ്ട്. ദൈവത്തിൻറെ സത്യ കൃപ അനുഭവിക്കുന്ന ഒരാൾ താൻ പോകുന്നിടത്തെല്ലാം എല്ലായ്പ്പോഴും അധികാരങ്ങൾക്ക് വിധേയപ്പെട്ടിരിക്കും. അയാൾക്ക് വിധേയത്വം സംബന്ധിച്ച് യാതൊരു പ്രശ്നവും ഉണ്ടായിരിക്കുകയില്ല. ആദം സൃഷ്ടിക്കപ്പെടുന്നതിന് വളരെ മുമ്പു തന്നെ മത്സരത്തിൽ നിന്ന് പാപം ഉത്ഭവിച്ചു. ഏറ്റവും ഉന്നതനായിരുന്ന പ്രധാന ദൂതൻ ദൈവത്തിൻറെ അധികാരത്തോടു മത്സരിക്കുകയും പെട്ടന്നു തന്നെ അവൻ പിശാചായി മാറുകയും ചെയ്തു. അതുകൊണ്ടാണ് ?മത്സരം ആഭിചാര ദോഷം പോലെ പാപം ആയിരിക്കുന്നത് ?(1 ശമുവേൽ 15 :23) കാരണം ആഭിചാരം എന്ന പ്രവൃത്തി ചെയ്യുന്നത്രയും തന്നെ മത്സരത്തിൻറെ ആത്മാവ് ഒരാളെ ദുരാത്മാക്കളുമായുള്ള ബന്ധത്തിലേക്ക് കൊണ്ടു വരുന്നു. യേശു പിശാചിനെ ജയിച്ചത് അതിനു നേരെ എതിരായ മാർഗ്ഗത്തിൽ ജീവിച്ചതുകൊണ്ടാണ്. അവിടുന്ന് തന്നെത്താൻ താഴ്ത്തുകയും തൻറെ പിതാവിനോടുള്ള പൂർണ്ണ വിധേയത്വത്തിൽ ഭൂമിയിലേക്കു വരികയും, ഈ ഭൂമിയിൽ അവിടുന്ന്, അപൂർണ്ണരായ ജോസഫിനും മറിയയ്ക്കും 30 വർഷങ്ങളോളം വിധേയപ്പെട്ടു ജീവിക്കുകയും ചെയ്തു, കാരണം
സ്വർഗ്ഗസ്ഥനായ പിതാവ് തൻറെ മേൽ ആക്കി വച്ച മാനുഷ അധികാരികൾ ആയിരുന്നു അവർ. ദൈവത്തിൻറെ സത്യ കൃപ അനുഭവിച്ചിട്ടുള്ള ഒരുവൻ തൻറെ ദേഹിയിൽ മത്സരത്തിൻറെ ആത്മാവിൽ നിന്നുള്ള രക്ഷ അനുഭവിക്കും. അധികാരത്തിനു വിധേയപ്പെടുന്ന കാര്യത്തിൽ നിങ്ങൾക്ക് ഒരു പ്രശ്നം ഉണ്ടെങ്കിൽ, നിങ്ങൾ നിങ്ങളുടെ ദേഹിയിൽ രക്ഷിക്കപ്പെടേണ്ടിയിരിക്കുന്നു.

എല്ലാ മാനുഷാധികാരങ്ങൾക്കും, രാജാക്കന്മാർ, ഗവർണർമാർ തുടങ്ങിയവർക്ക്, വിധേയപ്പെടുവാനാണ് ക്രിസ്ത്യാനികൾ വിളിക്കപ്പെട്ടിരിക്കുന്നത്. (1 പത്രൊസ് 2:13,14). ആ കാലത്ത് നീറോ ആയിരുന്നു റോമിൻറെ ചക്രവർത്തി, ഏതു കാലത്തും റോം ഭരിച്ചിട്ടുള്ള ഏറ്റവും നീചന്മാരായ രാജാക്കന്മാരിൽ ഒരാളായിരുന്നു അയാൾ. അയാൾ ക്രിസ്ത്യാനികളെ പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്തു. എന്നിട്ടും പത്രൊസ് ക്രിസ്ത്യാനികളോട് അയാൾക്കു വിധേയപ്പടുവാൻ മാത്രമല്ല, രാജാവിനെ ബഹുമാനിക്കുവാനും കൂടി പറഞ്ഞു (1 പത്രൊസ് 2:17). നാം?എല്ലാവരേയും ബഹുമാനിക്കണം? എന്നു കൂടി അദ്ധേഹം പറയുന്നു. ( 1പത്രൊസ് 2:17). പഴയ ഉടമ്പടിയിൻ കീഴിൽ, നാം പ്രായമുള്ളവരെ ബഹുമാനിക്കണമെന്നാണ് നിയമം (ലേവ്യ പുസ്തകം 19:32). എന്നാൽ പുതിയ ഉടമ്പടിയുടെ കീഴിൽ നാം സകല മനുഷ്യരേയും ബഹുമാനിക്കണം. പുതിയ ഉടമ്പടിയുടെ കീഴിൽ എല്ലാ മേഖലകളിലും കുറച്ചുകൂടി ഉന്നതമായ നിലവാരമാണ് പുലർത്തുന്നത്. പഴയ ഉടമ്പടി പ്രകാരം, ആളുകൾ ദൈവത്തിന് 10% കൊടുക്കണമായിരുന്നു, പുതിയ ഉടമ്പടി പ്രകാരം നാം എല്ലാം ദൈവത്തിന് കൊടുക്കണം (ലൂക്കോ 14: 33) പഴയ ഉടമ്പടി പ്രകാരം, ഒരു ദിവസം വിശുദ്ധമായി
സൂക്ഷിക്കണമായിരുന്നു (ശബ്ബത്ത്). പുതിയ ഉടമ്പടിയിൽ, എല്ലാ ദിവസവും വിശുദ്ധമായിരിക്കണം. പഴയ ഉടമ്പടി പ്രകാരം കടിഞ്ഞൂലായി പിറന്ന ആൺകുഞ്ഞുങ്ങളെല്ലാം ദൈവത്തിനു സമർപ്പിക്കപ്പെട്ടവരായിരിക്കണം. പുതിയ ഉടമ്പടിയിൽ, നമ്മുടെ എല്ലാ കുഞ്ഞുങ്ങളും ദൈവത്തിനു സമർപ്പിക്കപ്പെട്ടവരായിരിക്കണം. ദൈവത്തിൻറെ കൃപ അനുഭവിച്ചിട്ടുള്ള ഒരു മനുഷ്യന് സകല മനുഷ്യരേയും ബഹുമാനിക്കുന്നതിന് ഒരു പ്രയാസവുമില്ല. നാം യേശുവിനെപ്പോലെ ദാസന്മാരായിരിക്കേണ്ടവരാണ്, അതുകൊണ്ട് ഓരോരുത്തരേയും ബഹുമാനിക്കുവാനും 'മറ്റുള്ളവരെ നമ്മെളെക്കാൾ ശ്രേഷ്ഠരെന്ന് എണ്ണുവാനും' (ഫിലിപ്യർ 2:3) നമുക്ക് സന്തോഷമാണ്.

പിന്നീട് അദ്ധേഹം പ്രത്യേകമായി ദാസന്മാരോട്, തങ്ങളുടെ യജമാനന്മാർക്ക് കീഴടങ്ങിയിരിക്കുവാൻ പറഞ്ഞിരിക്കുന്നു. എല്ലാ അപ്പൊസ്തലന്മാരും ദാസന്മാരെ, തങ്ങളുടെ യജമാനന്മാർക്ക് കീഴ്പ്പെട്ടിരിക്കുവാനാണ് പഠിപ്പിച്ചത്. തൻറെ ഓഫീസിലോ, ഫാക്ടറിയിലോ തങ്ങളുടെ അധികാരികളോട് മത്സരത്തിൻറെ ഒരാത്മാവുള്ള ഒരു ക്രിസ്ത്യാനി , ക്രിസ്തുവിന് വളരെ മോശപ്പെട്ട ഒരു സാക്ഷിയാണ്. സ്കൂളിലോ, കോളേജിലോ, തൻറെ അദ്ധ്യാപകർക്കെതിരെ മത്സരിക്കുന്ന ഒരു ക്രിസ്തീയ വിദ്യാർത്ഥിയും ക്രിസ്തുവിന് വളരെ മോശപ്പെട്ട ഒരു സാക്ഷിയാണ്. അത്തരത്തിലുള്ള ഒരു ക്രിസ്ത്യാനി 'ദൈവത്തിൻറെ സത്യകൃപ' എന്നത് ഒട്ടും തന്നെ മനസ്സിലാക്കിയിട്ടില്ല. യേശു വന്ന് അപൂർണ്ണരായ മാതാപിതാക്കൾക്ക് 30 വർഷങ്ങളോളം കീഴടങ്ങിയിരുന്നു എന്നുള്ള കാര്യം അയാൾ മനസ്സിലാക്കിയിട്ടില്ല. നാം എല്ലാവരും പഠിക്കേണ്ടിയിരിക്കുന്ന ഒരു പാഠമാണിത് . ദാസന്മാരെ, നിങ്ങളുടെ യജമാനന്മാർക്ക് സർവ്വ ബഹുമാനത്തോടും കൂടെ കീഴടങ്ങിയിരിപ്പിൻ. നിങ്ങൾ ജോലി ചെയ്യുന്നത് ഒരു ഓഫീസിലോ, ഫാക്റ്ററിയിലോ,സ്കൂളിലോ, ആശുപത്രിയിലോ, മറ്റെവിടെ ആയാലും, ആ സ്ഥലത്ത് നിങ്ങൾക്കു മുകളിലുള്ളവരോട് നിങ്ങൾ
ബഹുമാനം കാണിക്കണം.

അദ്ധ്യാപകരെ ബഹുമാനിക്കുവാനും, മറ്റു കുട്ടികളുടെ കൂടെ സംഘം ചേർന്ന് അദ്ധ്യാപകരെ കളിയാക്കാതിരിക്കുവാനും നാം നമ്മുടെ കുഞ്ഞുങ്ങളെ പഠിപ്പിക്കണം. നല്ലവരും ദയാശീലരുമായ യജമാനന്മാർക്കു മാത്രമല്ല ക്രൂരന്മാർക്കു കൂടി കീഴടങ്ങുവാൻ ദാസന്മാർ പഠിക്കണം. ഒരു നല്ല യജമാനനു കീഴടങ്ങുവാൻ എളുപ്പമാണ്. എന്നാൽ ദൈവത്തിൻറെ സത്യകൃപ അനുഭവിച്ചിട്ടുള്ള ഒരു ക്രിസ്ത്യാനി ക്രൂരന്മാരായവർക്കും കൂടെ കീഴടങ്ങും ( 1പത്രൊസ് 2:18) നിങ്ങൾ ക്രൂരനായ ഒരു യജമാനന് കീഴടങ്ങുമ്പോഴാണ്,ഒരു ക്രിസ്ത്യാനി എന്ന നിലയിൽ നിങ്ങളുടെ വെളിച്ചം പ്രകാശിക്കുന്നത്. കത്തുന്ന ഒരു മെഴുകുതിരി സൂര്യപ്രകാശത്തിൽ എളുപ്പം ദൃശ്യമാകുന്നില്ല. എന്നാൽ രാത്രിയിൽ എല്ലാവർക്കും അതിൻറെ വെളിച്ചം കാണാം. അതുപോലെ തന്നെ, ഒരു ക്രിസ്ത്യാനിയുടെ വെളിച്ചം ഏറ്റവും തിളക്കത്തോടെ കാണപ്പെടുന്നത് അവൻ ഇരുണ്ട ചുറ്റുപാടുകളിലായിരിക്കുമ്പോഴാണ്.

നിങ്ങൾ എന്തെങ്കിലും തെറ്റു ചെയ്തതിൻറെ പേരിൽ ശിക്ഷിക്കപ്പെട്ടിരിക്കുമ്പോൾ ക്ഷമയോടെ കീഴടങ്ങിയിരിക്കുന്നതിൽ ഒരു നന്മയുമില്ല. എന്നാൽ നന്മയായതു ചെയ്തിട്ടും നിങ്ങൾ സഹിഷ്ണുതയോടെ കഷ്ടം സഹിക്കുകയാണെങ്കിൽ, ദൈവത്തിന് നിങ്ങളോട് പ്രസാദമുണ്ട് ( 1പത്രൊസ് 2:20) അന്യായമായി കഷ്ടം സഹിക്കുക എന്നതാണ് പത്രൊസിൻറെ ലേഖനത്തിലെ വലിയ പ്രതിപാദ്യങ്ങളിലൊന്ന്. യേശുവും കൃത്യമായി അങ്ങനെതന്നെയാണ് കഷ്ടം സഹിച്ചത് എന്ന് അദ്ദേഹം തുടർന്നു പറയുന്നു. അവിടുന്ന് അന്യായമായി കഷ്ടം സഹിക്കുകയും നമുക്ക് അവൻറെ കാൽചുവടുകൾ പിൻതുടരുവാൻ ഒരു മാതൃക വച്ചേച്ച് പോയിരിക്കുകയും ചെയ്തിരിക്കുന്നു. ഇവിടെ നാം വിളിക്കപ്പെട്ടിരിക്കുന്നത് അവിടുത്തെ കാൽ ചുവടുകൾ പിൻതുടരുവാനാണ്, അവിടുന്ന് ഒരിക്കലും പാപം ചെയ്തില്ല, അവിടുന്ന് ഒരിക്കലും ഒരു ഭോഷ്ക് പറഞ്ഞില്ല, ശകാരിച്ചിട്ട് അവിടുന്ന് ഒരിക്കലും പകരം ശകാരിച്ചില്ല, പീഢനം സഹിക്കുമ്പോൾ അവിടുന്ന് ഭീഷണിപ്പെടുത്തിയില്ല, എന്നാൽ ന്യായമായി വിധിക്കുന്ന ദൈവത്തിൻറെ പക്കൽ തൻറെ കാര്യം ഭാരമേൽപ്പിക്കുകയാണ് ചെയ്തത് (1 പത്രൊസ് 2:2123). 'ദൈവത്തിൻറെ സത്യകൃപ' മനസ്സിലാക്കിയിട്ടുള്ള ഒരു ക്രിസ്ത്യാനി ഇങ്ങനെ തന്നെയാണ് പെരുമാറുന്നത്.